മലയാള മനോരമ
06 December 2024

# കടലിലെ ഗ്ലാമർ താരങ്ങൾക്ക് കരയിൽ തുടർച്ച

കൊച്ചി● ഉയർന്ന വിപണി മൂല്യമുള്ള രണ്ടിനം കടൽ വർണ മത്സ്യങ്ങളുടെ കൃത്രിമ വിത്തുൽപാദനം വിജയകരമായി പൂർത്തിയാക്കി സിഎംഎഫ്ആർഐ. അക്വേറിയങ്ങളിലെ 'കടൽ സുന്ദരികൾ' എന്ന് അറിയപ്പെടുന്ന ഡാംസെൽ വിഭാഗത്തിൽപെട്ട അസ്യൂർ ഡാംസെൽ, ഗോബി വിഭാഗത്തിൽപെട്ട ഓർണേറ്റ് ഗോബി എന്നിവയുടെ വിത്തുൽപാദന സാങ്കേതിക വിദ്യയാണു വികസിപ്പിച്ചത്. ആകർഷക വർണങ്ങളും ചടുല ചലനങ്ങളുമാണ് ഇവയെ അലങ്കാരമത്സ്യ പ്രേമികളുടെ ഇഷ്ട


അസ്യൂർ ഡാംസെൽ


ഓർണേറ്റ് ഗോബി

ഇനങ്ങളാക്കുന്നത്. കടലിൽ പവിഴപ്പുറ്റുകൾക്കിടയിലാണ് 'അക്വേറിയം സുന്ദരി'യെന്ന് അറിയപ്പെടുന്ന അസ്യൂർ ഡാംസെലിന്റെ ആവാസകേന്ദ്രം. അമിത ചൂഷണത്തിന്റെ ഫലമായി സുന്ദരി വംശനാശ ഭീഷണിയുടെ വക്കിലാണ്. മറൈൻ അക്വേറിയങ്ങളിലെ ജനപ്രിയ മീനാണ് ഓർണേറ്റ് ഗോബി. കൗതുകകരമായ ചലനങ്ങളും പെരുമാറ്റ രീതികളും കാരണം കാഴ്ചക്കാരെ ആകർഷിക്കാനുള്ള കഴിവ് ഇവയ്ക്കുണ്ട്. അക്വേറിയങ്ങളിൽ അടിയുന്ന മണൽ തുടച്ചെടുക്കാനുള്ള മിടുക്കുമുണ്ട്.